KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

KSEB Ltd – ൽ ജോലിയിലിരിക്കേ വാഹനാപകടത്തെ തുടർന്ന് കാൽ മുട്ടിന് മുകളിൽവച്ച് മുറിച്ച് മാറ്റേണ്ടിവന്ന പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാനായിരുന്ന ശ്രീ. അനിൽകുമാർ. പി. യ്ക്ക് 2016 – ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം ലഭ്യമാക്കണമെന്ന അപേക്ഷ - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

B.O (FTD) No. 739/2020 (PS1/2942/2019) തീയതി, തിരുവനന്തപുരം 15.12.2020

---

സൂചന:-

1) 10.03.2020 തീയതി പ്രകാരം ശ്രീ. അനിൽകുമാർ. പി ചീഫ് എഞ്ചിനീയർ (HRM) ന് സമർപ്പിച്ച അപേക്ഷ.
2) No.EB4(a)/LM – Supernumerary/5781/2020 തീയതി 25.06.2020 പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (HRM) – ന്റെ കുറിപ്പ്.
3) നിലമ്പൂർ ജില്ലാ ഗവൺമെന്റ് ഹോസ്പിറ്റൽ മെഡിക്കൽ ബോർഡ് PMR/Ortho –54/ നമ്പരായി 12.04.2018 തീയതി പ്രകാരം നൽകിയിട്ടുള്ള സ്റ്റാന്റിംഗ് ഡിസെബിലിറ്റി അസസ്സ്മെന്റ് ബോർഡ് സർട്ടിഫിക്കറ്റ്.
4) നമ്പർ. PS1/2942/2019 തീയതി 20.11.2020 ആയി ചീഫ് പേഴ്സ്ണൽ ഓഫീസർ KSEB Ltd ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച കുറിപ്പ്.
5) നമ്പർ. PS1/2942/2019 തീയതി 20.11.2020 പ്രകാരം ചീഫ് പേഴ്സ്ണൽ ഓഫീസർ – കെ.എസ്.ഇ. ബി ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ് (അജണ്ട 18/12/2020).

## ഉത്തരവ്

നിലമ്പൂർ ഇലക്ട്രിക്കൽ ഡിവിഷനു കീഴിലെ പൂക്കോട്ടുംപാടം സെക്ഷനിൽ ലൈൻമാൻ ഗ്രേഡ് II ആയി ജോലി ചെയ്തുവരവെ 26.08.2020 ന് ഉണ്ടായ വാഹന അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് വലതുകാൽ മുട്ടിനു മുകളിൽവച്ച് മുറിച്ചുമാറ്റേണ്ടിവന്ന ശ്രീ. അനിൽകുമാർ. പി. (Employee Code : 1065528) മേൽ സൂചന 1 പ്രകാരം 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം ലഭ്യമാക്കണമെന്ന അപേക്ഷ ഉചിതമാർഗ്ഗേന സമർപ്പിക്കുകയുണ്ടായി.

അപേക്ഷയോടൊപ്പം മേൽ സൂചന 2 ആയി ഉൾച്ചേർത്തിട്ടുള്ള നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കത്തിൽ വാഹന അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കുശേഷം ഓഫീസിൽ ഹാജരായ ശ്രീ. അനിൽകുമാർ കൃത്രിമകാലുപയോഗിച്ചാണ് നടക്കുന്നതെന്നും ആ അവസ്ഥയിൽ KSEB Ltd – ലെ ലൈൻമാൻ ഗ്രേഡ് II തസ്തികയിലെ ചുമതലകൾ നിർവഹിക്കാൻ ടിയാൾക്ക് സാധ്യമല്ല എന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ നിലവിൽ ശ്രീ. അനിൽകുമാറിനെ, ടിയാന്റെ മതിയായ വിദ്യാഭ്യാസ യോഗ്യത പരിഗണിച്ച് പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷനിലെ കാഷ്യറുടെ ഒഴിവിൽ താൽക്കാലികമായി

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം ലഭ്യമാക്കണമെന്ന ശ്രീ. അനിൽകുമാറിന്റെ ആവശ്യം ന്യായമാണെന്നും ആയതിനാൽ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്നും കൂടി നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ തന്റെ കത്തിൽ ശുപാർശ ചെയ്തിരിക്കുന്നു.

നിലമ്പൂർ ജില്ലാ ഗവൺമെന്റ് ഹോസ്പിറ്റൽ മെഡിക്കൽ ബോർഡ് PMR / Ortho - 54 നമ്പരായി മേൽ സൂചന 3 പ്രകാരം നൽകിയിട്ടുള്ള സ്റ്റാന്റിംഗ് ഡിസെബിലിറ്റി അസസ്സ്മെന്റ് ബോർഡ് സർട്ടിഫിക്കറ്റിൽ ശ്രീ. അനിൽകുമാറിന് 80% സ്ഥായിയായ വൈകല്യം ഉണ്ടായിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുച്ഛേദം 4 പ്രകാരം വൈകല്യം സംഭവിച്ചശേഷം ഒരു ജീവനക്കാരന് അയാൾ നേരത്തേ നിർവഹിച്ചുപോന്നിരുന്ന തസ്തികയിലെ ചുമതലകൾ നിർവഹിക്കാൻ കഴിയാത്തപക്ഷം അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ആ ജീവനക്കാരനെ മാറ്റി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

കൂടാതെ ഏതെങ്കിലും തസ്തികയിൽ ആ ജീവനക്കാരനെ ഉൾക്കൊള്ളിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ സൂപ്പർആനുവേഷൻ പ്രായം എത്തുന്നതു വരെയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ടിയാളെ അതിൽ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

80% സ്ഥായിയായ വൈകല്യം സംഭവിച്ചിട്ടുള്ള ശ്രീ. അനിൽകുമാറിന് തന്റെ നിലവിലെ ശാരീരിക പരിമിതിയിൽ ചുമതല നിർവഹിക്കാൻ അനുയോജ്യമായതും അപകടത്തിനുമുൻപ് ജോലി ചെയ്തു വന്നിരുന്ന തസ്തികയുടെ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുള്ളതുമായ മറ്റൊരു തസ്തിക KSEB ലിമിറ്റഡിന്റെ ഇലക്ട്രിക്കൽ സെക്ഷനാഫീസിൽ നിലവിലില്ലാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 വിഭാവനം ചെയ്യുന്ന തൊഴിലിടത്തിലെ സംരക്ഷണം ടിയാന് ലഭ്യമാക്കുന്നതിനായുള്ള തുടർനടപടികൾക്കുള്ള നിർദ്ദേശങ്ങൾക്കായി ഫയൽ സൂചന 4 കുറിപ്പ് പ്രകാരം KSEB Ltd ചെയർമാന് സമർപ്പിച്ചിരുന്നു. പരിശോധനയ്ക്കുശേഷം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ഉചിത തീരുമാനത്തിനായി ഫയൽ സൂചന 5 കുറിപ്പ് പ്രകാരം KSEB ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിക്കുകയും 02.12.2020 - ൽ ചേർന്ന KSEB Ltd മുഴുവൻസമയ ഡയറക്ടർമാരുടെ യോഗത്തിൽ പ്രസ്തുത ഫയൽ അജണ്ട നമ്പർ 18/12/2020 ആയി പരിഗണിച്ചുകൊണ്ട് താഴെപ്പറയുന്ന പ്രകാരം തീരുമാനമെടുക്കുകയുണ്ടായി.

KSEB ലിമിറ്റഡിലെ പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് II ആയി ജോലിചെയ്തു വന്നിരുന്ന ശ്രീ. അനിൽകുമാർ. പി. യ്ക്ക് 26.08.2020 - ൽ ഉണ്ടായ വാഹനാപകടത്തെതുടർന്ന് 80% സ്ഥായിയായ വൈകല്യം സംഭവിച്ചിരിക്കുന്നതിനാൽ Lineman - II എന്ന തസ്തികയിൽ താൻ നേരത്തേ നിർവഹിച്ചുപോന്ന ചുമതലകൾ നിറവേറ്റാൻ കഴിയാതെയായ സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 വിഭാവനം ചെയ്യുന്ന തൊഴിലിടത്തിലെ സംരക്ഷണം ടിയാന് ലഭ്യമാക്കുന്നതിനായി പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് II ന്റെ ഒരു

സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ശ്രീ. അനിൽകുമാർ. പി - യെ ആ തസ്തികയിൽ നിയമിക്കുന്നതിനും തുടർന്നും കാഷ്യർ ട്രെയിനിയായി ടിയാന്റെ സേവനം അതേ ഓഫീസിൽതന്നെ ലഭ്യമാക്കാൻ വേണ്ട ക്രമീകരണം ARU തലത്തിൽ നടത്തുവാനും അനുമതി നൽകി ഉത്തരവാകുന്നു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം
17/12/2020
സീനിയർസൂപ്രണ്ട്